ഷാക്കിർ തോട്ടിക്കൽ

# ആന



കരയിലെ ഏറ്റവും വലിയ ജീവിയേതെന്ന് ചോദിച്ചാൽ കൂട്ടുകാർ ഒരു സംശയവുമില്ലാതെ പറയും ആനയെന്ന്. അതെ, സസ്യഭുക്കുകളിലെ ഏറ്റവും വലിയവൻ എന്ന വ്യാതിക്ക് കൂടി അർഹനാണ് ആന. ഉത്സവങ്ങളിലും മറ്റും നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്മാരെ നാം കാണാറുണ്ട്. അലങ്കാരത്തിന് നിറച്ചാർത്ത് നൽകുന്നതിൽ ആനയുടെ പങ്ക് നിസ്തുലമാണ്.

ലോകത്ത് രണ്ട് തരത്തിൽപ്പെട്ട ആനകളാണുള്ളത്. ഏഷ്യൻ ആനയും ആഫ്രിക്കൻ ആനയും. ഏഷ്യൻ ആനകളുടെ വംശത്തിലെ മറ്റൊരു ഉപവിഭാഗമാണ് ഇന്ത്യൻ ആനകൾ. വലിപ്പത്തിന്റെ കാര്യത്തിൽ ആഫ്രിക്കൻ ആനകളെക്കാൾ ചെറിയ ആനകളാണ് ഇന്ത്യൻ ആനകൾ.

| | |
|---|---|
| **ശാസ്ത്രീയ നാമം** | : **എലിഫാസ് മാക്സിമസ്** |
| **ജീവിത കാലയളവ്** | : 60 **വർഷം** |
| **സ്പീഡ്** | : **40 Km/h** |
| **തൂക്കം** | : 3500-4500 Kg |

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നതെന്ന്– 1950 ജനുവരി 25

കൂടാതെ ബർമ്മീസ്, സിലോത്തീസ്, സുമാത്രൻ, മലേഷ്യൻ തുടങ്ങിയ ആനകളും ഏഷ്യൻ ആനകളാണ്.

ഇന്ത്യ, നേപ്പാൾ, ബംഗ്ലാദേശ്, ഭൂട്ടാൻ, മ്യാൻമർ, കംബോഡിയ, ചൈന, തായ്‌ലന്റ്, വിയറ്റ്നാം തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളിൽ കാണപ്പെടുന്ന ആനകൾ പുൽമേടുകൾ നിറഞ്ഞതും ഈർപ്പമുള്ളതുമായ മഴക്കാടുകളിലാണ് വസിക്കുന്നത്.

**ആനകൾ സുന്ദരന്മാർ:** ആനയുടെ ചന്തം തുമ്പിക്കൈയാണ്. വിരലുകളുടെ ധർമ്മം നിർവ്വഹിക്കുന്നത് ഇതാണ്. ഏകദേശം ഒരു ലക്ഷം പേശികളെങ്കിലും തുമ്പിക്കൈയിലുണ്ട്. മാത്രമല്ല തുമ്പിക്കൈയിലും ചെവിയിലും വെള്ളപ്പാടുകളും കാണാൻ കഴിയും. ശരീര ഭാരത്തിന്റെ അതേ അനുപാതത്തിലുള്ള വയറും ആനയെ സുന്ദരന്മാരാക്കുന്നു. തൊലിയാണെങ്കിൽ വിയർപ്പ് ഗ്രന്ഥികൾ കുറവാണ്. അതുകൊണ്ട് ശരീരത്തിൽ ജലം വീഴുന്നത് ആനക്ക് വലിയ ഇഷ്ടമാണ്.

ചെറിയ കണ്ണുകളാണെങ്കിലും കാഴ്ചശക്തി അപാരമാണ്. ജലത്തിൽ നീന്താനറിയുന്ന ജീവി കൂടിയായ ആനകൾ മണിക്കൂറിൽ 40 കിലോമീറ്റർ വേഗതയിൽ വരെ ഓടുകയും ചെയ്യും. മുറം പോലുള്ള ചെവിയും സുന്ദരമായ കൊമ്പുകളും ഇവയുടെ പ്രത്യേകതയാണ്. ചൂട് കുറക്കാൻ വേണ്ടി ശരീരത്തിൽ മണ്ണ് വാരിയിടുന്ന ഇവയുടെ അംഗ സംഖ്യ കുറയാൻ പ്രധാന കാരണം ആനക്കൊമ്പിനു വേണ്ടി മനുഷ്യർ നടത്തുന്ന വേട്ടയാണ്.

**ആഹാരം:** ദിനംപ്രതി 400 കി.ഗ്രാം ഭക്ഷണം അകത്താക്കുന്ന ആനകൾ 200 ലിറ്റർ മുതൽ 250 ലിറ്റർ വരെ വെള്ളം കുടിക്കും. മുളയും ഈറ്റയും മരക്കൊമ്പുകളുമാണ് പ്രധാന ഭക്ഷണം.

**മദമിളകിയ ആന:** 'മദമിളകിയ ആന പാപ്പാനെ കൊന്നു' പത്രത്താളുകളിലൂടെ ഇത്തരം വാർത്ത കൂട്ടുകാർ കേട്ടിട്ടുണ്ടാകും. എന്താണ് മദമിളകുക എന്ന് പറഞ്ഞാൽ കേട്ടോളൂ.. കൊമ്പനാനകളിൽ ശരീരത്തിൽ ടെസ്റ്റോസ്റ്റിറോണിന്റെ അളവ് വർധിക്കുമ്പോഴുണ്ടാകുന്ന ഒരവസ്ഥയാണ് മദമിളകുക എന്നത്.

15 വർഷം പ്രായമെത്തുമ്പോഴാണ് കൊമ്പനിൽ ആദ്യമായി മദപ്പാടുണ്ടാവുന്നത്. ജൂൺ മുതൽ ഡിസംബർ വരെയുള്ള കാലങ്ങളിലാണ് ഇതുണ്ടാവുന്നത്. കണ്ണിനു പിറകിലായി പ്രത്യക്ഷപ്പെടുന്ന മദഗ്രന്ഥിയിലൂടെ മദജലം പുറത്തേക്ക് ഒഴുകുന്നത് ആനകളിൽ മദപ്പാടിന്റെ ലക്ഷണമാണ്. ഈ കാലങ്ങളിൽ പൊതുവേ അക്രമ സ്വഭാവം പ്രകടമാക്കും.

**പ്രത്യുൽപ്പാദനം :** 10 മുതൽ 15 വയസ് വരെ പ്രായമാവുമ്പോഴാണ് ആനകൾക്ക് പ്രായപൂർത്തി എത്തുന്നത്. 5 വർഷം കൂടുമ്പോൾ പ്രജനനം നടക്കും. 21-23 മാസമാണ് ഇവയുടെ ഗർഭകാലം. അതുകൊണ്ട് തന്നെ ദൈർഘ്യമേറിയ ഗർഭകാലം പ്രജനനം ഏറെ സങ്കീർണ്ണമാക്കുന്നു.



## അണക്കെട്ടുകൾ

ലോകത്തിൽ ആകെ 57000 അണക്കെട്ടുകളുണ്ട്. ഇതിൽ ഇന്ത്യയിൽ 32000 അണക്കെട്ടുകളാണുള്ളത്.

**നോബൽ സമ്മാനം ലഭിച്ച ആദ്യ ഭാരതീയൻ- രബീന്ദ്രനാഥ ടാഗോർ**